# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **19.07.2025** മുതൽ **23.07.2025** വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.എസ്.ഡി - 57/2025 | തീയ്യതി: 18/07/2025 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 258.4 | 26.4– 28.7 | 23.2 – 23.7 | 89 – 98 | 00 – 01 |

### ബി.വരുന്ന നാല്ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 19-07-2025 | 20-07-2025 | 21-07-2025 | 22-07-2025 | 23-07-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 40 | 50 | 45 | 30 | 30 |
| കൂടിയതാപനില, °C | 28 | 28 | 28 | 28 | 28 |
| കുറഞ്ഞതാപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയആപേക്ഷികആർദ്രത, % | 94 | 94 | 94 | 94 | 94 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 90 | 90 | 90 | 90 | 90 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 5 | 5 | 4 | 4 | 4 |
| കാറ്റിന്റെദിശ, ഡിഗ്രി | 320 | 290 | 320 | 320 | 290 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **അതിതീവ്ര മഴ**** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും.<br>ജൂൺ 19,20 ന് അതിതീവ്ര മഴ.<br>ജൂലായ് 21 ന് ഒറ്റപ്പെട്ട അതിശക്തമായ മഴ.<br>ജൂൺ 22 ന് ഒറ്റപ്പെട്ട ശക്തമായ മഴ. | | |
| അപായ സൂചന | ജൂലായ് 18 ന് അതിതീവ്ര മഴയ്ക്ക് സാധ്യത. | | |
| **ആഘാതം** | തുറസ്സായ സ്ഥലങ്ങളിൽ കാർഷിക ഉൽപന്നങ്ങൾ ഉണക്കുന്നതിൽ ബുദ്ധിമുട്ട്.<br>നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>കൃഷിയിടങ്ങളിൽ വെള്ളം കെട്ടിനിൽക്കാനുള്ള സാധ്യത. | | |
| **പൊതുനിർദ്ദേശങ്ങൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക. വിളഞ്ഞു നിൽക്കുന്ന പാടങ്ങൾ എത്രയും വേഗം കൊയ്തൊഴിയുക, കൊയ്തെടുത്ത കറ്റകൾ വയലിൽ തന്നെ കൂട്ടിയിടരുത്.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക. | | |

| | | | |
|---|---|---|---|
| | കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്<br>വൃക്ഷ വിളകൾ നടുമ്പോൾ,ചെടികൾ തമ്മിൽ ശാസ്ത്രീയമായ അകലം ഉറപ്പാക്കണം. മേൽ മണ്ണിന്റെ കൂടെ ജൈവ വളങ്ങൾ മിശ്രിതം ചെയ്തു വേണം കുഴികൾ മൂന്നിൽ രണ്ടു ഭാഗം നിറക്കാൻ. വർഷ കാലം തുടങ്ങുന്നതോടുകൂടി തൈകൾ നടാം.<br>അവശ്യ ഘട്ടങ്ങളിൽ മഴയില്ലാത്ത ഇടവേളകൾ ലഭിക്കുമ്പോൾ മാത്രം പശ ചേർത്തു കീടനാശിനി തളിക്കുക. | | |
| നെല്ല് | നഴ്സറി/ പറിച്ചു നട്ടയിടങ്ങൾ | ഓല ചുരുട്ടി പുഴു<br> | ഓല ചുരുട്ടി പുഴു ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പു വലിച്ചു ഓലചുരുളുകൾ തുറക്കുക.<br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം ഫ്ലുബാൻ ഡൈ അമൈഡ് 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിച്ച് കൊടുക്കുക. |
| തെങ്ങ്/ | തൈകൾ | വെള്ളം കെട്ടികിടക്കുന്ന അവസ്ഥ/കൂമ്പു ചീയൽ | തൈക്കുഴികളിൽ വെള്ളംകെട്ടികിടക്കാൻ അനുവദിക്കരുത്. കുഴികളിലേക്കു വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ കുഴിക്ക് ചുറ്റും വരമ്പ് നിർമിക്കുക.<br>മഴയുടെ ഇടവേളയിൽ 1 % ബോർഡോക്സ് മിശ്രിതം ഇലകളിലും കൂമ്പിലും പശ ചേർത്ത് തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങുകൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂഷൽ ബാധയെ തടയാൻ സഹായിക്കും.<br>ഉപയോഗ സൂന്യമായ മീൻ വലകൾ ഒരു മീറ്റർ നീളത്തിലും അര മീറ്റർ വീതിയിലും മുറിച്ചെടുത്തു തെങ്ങിൻറെ മൂന്നാമത്തെയും നാലാമത്തെയും ലെക്കവിളുകളിൽ വിരിച്ചു നടുഭാഗത്തു ചെറുകല്ലുകൾ വച്ച് ഉൾഭാഗത്തേക്കു തള്ളി അമർത്തി വെക്കുക. ഓലത്തണ്ടിന്റെ രണ്ടു ഭാഗത്തേക്കും പുറത്തേക്കു തൂങ്ങി നിൽക്കുന്ന വലയുടെ വശങ്ങൾ നന്നായി വിടർന്നിരിക്കണം. പാറിവരുന്ന വണ്ടുകൾ കാലുകൾ വലയിൽ കുടുങ്ങി സഞ്ചരിക്കാൻ പറ്റാതെ നശിച്ചു പോകും, പുതു ഓലകൾ വിടരുന്നതിനനുസരിച് വല മുകളിലോട്ട് മാറ്റി മാറ്റി വെക്കുവാൻ ശ്രദ്ധിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | പൊള്ളു വണ്ട്<br> | ഒരുലിറ്റർ ബോർഡോ മിശ്രിതത്തിൽ ക്വിനാൽഫോസ് 25 EC രണ്ടു മില്ലി എന്ന തോതിൽ കലർത്തി തളിക്കുക |

| | | | |
|---|---|---|---|
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക. ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വാഴ | വിവിധ ഘട്ടം<br>(നേന്ത്രൻ വാഴ) | കട ചീയൽ<br> | മുൻകരുതലായി സ്ട്രെപ്റ്റോസൈക്ലിൻ ലായനി (@2ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് (@20ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ ) വാഴത്തടത്തിൽ കുതിർക്കുക |
| കോഴി | വിവിധ ഘട്ടം | അണുബാധ | കൂടുകളുടെ തറയിൽ ഈർപ്പം നിലനിൽക്കാൻ അനുവദിക്കരുത് ഈർപ്പം നിലനിന്നാൽ തറയിൽ വീഴുന്ന കാഷ്ഠത്തിൽ നിന്നും അമോണിയ വാതകം പുറത്തേക്കു വമിക്കും.. അത് കോഴികളുടെ ആരോഗ്യത്തിനെ പ്രതികൂലമായി ബാധിക്കും |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായി)

| | | | |
|---|---|---|---|
| **താക്കീത്<br>(ഉടൻനടപടിയെടുക്കുക)** | **ജാഗ്രത<br>(തയ്യാറാവുക)** | **ശ്രദ്ധ<br>(കാതോർക്കുക)** | **നിസ്സാരം<br>(നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി